# വെറുംപാത്രങ്ങളെ നിറയ്ക്കുന്ന ദൈവം .

ഒരിക്കൽ ഏലിശാപ്രവാചകന്റെ അരികിലേക്കു നിലവിളിച്ചുകൊണ്ട് ഓടി വന്ന വിധവയായ ഒരു സ്ത്രീയെ നമുക്കു നോക്കാം .

അവളുടെ ഭർത്താവ് ഏലിശാപ്രവാചകന്റെ ശിഷ്യനും അതിലുപരി യഹോവഭക്തനും ആയിരുന്നു . പക്ഷെ അയാൾ മരിക്കുന്നതു കുറെ കടഭാരങ്ങൾ ബാക്കി വെച്ചിട്ടാണ്. ആ കടക്കാർ ഇപ്പാൾ ഈ വിധവയുടെ മക്കളെ അടിമകളായി കൊണ്ടുപോകാൻ വന്നിരിക്കുന്നു. ആ സ്ത്രീയുടെ സങ്കടം കണ്ട പ്രവാചകൻ ചോദിക്കുന്നു നിന്റെ വീട്ടിൽ നിനക്കു എന്തുണ്ട് സ്ത്രീ പറയുന്നു എന്റെ വീട്ടിൽ ഒരു ഭരണി എണ്ണ അല്ലാതെ മറ്റൊന്നും ഇല്ല . എണ്ണ പരിശുദ്ധാത്മാവിനെ കാണിക്കുന്നു.

പ്രീയമുള്ളവരെ നമുക്കു എന്തെല്ലാം തകർച്ചകൾ വന്നാലും , ഈ ലോകം നമുക്കുള്ളതെല്ലാം കവർന്നെടുത്താലും ദൈവം നമ്മിൽ പകർന്ന ദൈവകൃപ നാം നഷ്ടപ്പെടുത്താതിരുന്നാൽ മതി ആ കൃപ നമ്മെ ജീവിപ്പിക്കും ആ കൃപയാൽ നാം പ്രതിസന്ധികളെ അതിജീവിക്കും . ഇവിടെ വിധവയോടു പ്രവാചകൻ പറയുന്നു നീയും മക്കളും അയൽ വീടുകളിൽ നിന്നു വെറും പാത്രങ്ങൾ വാങ്ങി എണ്ണ അതിൽ പകരുക എന്നിട്ട് അതു വിറ്റു കടം വിട്ടുക അവർ അങ്ങനെ പാത്രങ്ങൾ കൊണ്ടുവന്ന് എണ്ണ പകർന്നു . അവർ വെച്ച പാത്രങ്ങളിലെല്ലാം എണ്ണ നിറഞ്ഞു ഇനി പാത്രമില്ല എന്നു പറഞ്ഞപ്പോൾ എണ്ണ നിന്നുപോയി .

അപ്പോൾ തന്റെ കടഭാരവുമായി വന്ന സ്ത്രീക്ക് അതിനുള്ള പരിഹാരം മാത്രമല്ല ഭാവിയിലേക്കുള്ള ഉപജീവനമാർഗ്ഗവും പ്രവാചകൻ കാട്ടിക്കൊടുത്തു . നമ്മുടെ കർത്താവും അങ്ങനെയാണ് നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി നമുക്കുവേണ്ടി പ്രവർത്തിക്കും . ഏതെല്ലാം വെറുംപാത്രങ്ങളാണ് നമ്മുടെ കൈയ്യിലുള്ളത് അവയെല്ലാം വിശ്വാസത്തോടെ നമ്മുടെ കർത്താവിന്റെ മുമ്പിലേക്കു വെയ്ക്കാം കഷ്ടതയാണോ കണ്ണീരാണോ രോഗമാണോ ജീവിതഭാരമാണോ തലമുറയെക്കുറിച്ചുള്ള ആകുലങ്ങളാണോ എന്തുതന്നെ ആയാലും പരിഹാരം അവിടുത്തെ പക്കലുണ്ട്.

നാം വെയ്ക്കുന്ന പാത്രങ്ങൾ ഏറിപ്പോയെന്നോ അതിനു വലിപ്പം കൂടിപ്പോയെന്നോ ഒരിക്കലും അവിടുന്നു നമ്മെ ശകാരിക്കുകയില്ല . നാം എത്ര പാത്രങ്ങൾ വെച്ചാലും അവ എത്ര വലിപ്പമുള്ളതായാലും അതെല്ലാം നിറയ്ക്കുവാൻ നമ്മുടെ കർത്താവു ശക്തനും സമ്പന്നനും ആണ്.

നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കേയും അവിടുന്ന് നമ്മോട് അടുത്തിരിക്കുന്നതു പോലെ ദൈവം ഇത്രമാത്രം അടത്തിരിക്കുന്ന ശ്രേഷ്ഠ ജാതി ഏതുള്ളു എന്നു നാം വായിക്കുന്നു . അപ്പോൾത്തന്നെ തന്റെ ഭർത്താവ് യഹോവ ഭക്തനായിരുന്നു എന്നുള്ള വിധവയുടെ പ്രസ്താവന നാം പ്രത്യേകം ശ്രദ്ധിക്കണം . ദൈവത്തിന്റെ അനുഗ്രഹങ്ങളെല്ലാം തന്റെ ഭക്തന്മാർക്കുവേണ്ടിയുള്ളതാണ്. സങ്കീ 4 : 3 ൽ കാണുന്നു യ

ഹോവ ഭക്തനെ തനിക്കായി വേർതിരിച്ചിരിക്കുന്നു എന്നറിവീൻ അവൻ വിളിച്ച പേക്ഷിക്കുമ്പോൾ തന്നെ അവൻ കേൾക്കുന്നു . സദൃ: 14 : 26 ൽ കാണുന്നു യഹോവ ഭക്തനു ദൃഢ ധൈര്യമുണ്ട് അവന്റെ മക്കൾക്കും ശരണമുണ്ടാകും . ആകയാൽ നമ്മുടെ ഭക്തിയും വിശ്വാസവും മുറുകെപിടിക്കാം . ഒന്നിനെക്കുറിച്ചും വിചാരപ്പെടാതെ ആവശ്യങ്ങളെ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കാം . നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി നമ്മെ മാനിക്കുവാൻ ശക്തനും മതിയായവനുമാണ് നമ്മുടെ ദൈവം .

..........................................................................................................................................................................